**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **150**

26.02.2018 ൽ
മറുപടിയ്ക്ക്

## റാന്നി പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷനു വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന് എത്ര രൂപയാണ് ചെലവഴിച്ചത്; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്; കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്ര എന്നും എന്നാണ് നിർമ്മാണം പൂർത്തിയാക്കിയത് എന്നും വെളിപ്പെടുത്താമോ: | (എ) റാന്നി പോലീസ് സ്റ്റേഷന് വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന് 71 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ സർക്കിൾ ഓഫീസ്, വിസിറ്റേഴ്സ് റൂം, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, ബി ടൈപ്പ് ഡോർമിറ്ററി, വുമൻസ് റസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 15.27 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന്റെ പണി 18.01.2016 ൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് വാട്ടർ കണക്ഷനും ഫർണിച്ചറുകളും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ